ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ)

(എ) തിരുവനന്തപുരം ജില്ലയിൽ 209, കണ്ണൂർ ജില്ലയിൽ 114.

(ബി) അഞ്ചു്.

(സി) നാലു്.

സ്റ്റേറിലെ ഗ്രന്ഥശാലകളും വായനശാലകളും

* 659. [4] †ശ്രീ. ആർ. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) നമ്മുടെ സംസ്ഥാനത്തു് ഗ്രന്ഥശാലാ സംഘത്തോടു ബന്ധപ്പെട്ട എത്ര ഗ്രന്ഥശാലകളും വായനശാലകളും ഉണ്ടു്;

(ബി) ഇവയ്ക്കെല്ലാംകൂടി പ്രതിവർഷം കൊടുക്കുന്ന ഗ്രാന്റു് എത്ര രൂപയാണു്;

(സി) ഇനിയും കഴിഞ്ഞയാണ്ടത്തെ (1962) ഗ്രാന്റു കൊടുക്കാത്ത വായനശാലകൾ ഉണ്ടോ; ഗ്രന്ഥശാലകൾ ഉണ്ടോ;

(ഡി) ഈ ഗ്രാന്റു കൊടുക്കാതിരിക്കാൻ കാരണമെന്തു്?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ):

(എ) 3098.

(ബി) 2440 ഗ്രന്ഥശാലകൾക്കാണു് സാധാരണയായി ഗ്രാന്റു ലഭിക്കാറുള്ളതു്. 1962–63 വർഷത്തെ കണക്കനുസരിച്ചു് ഇവയ്ക്കെല്ലാംകൂടി 4,86,005 രൂപ ഗ്രാന്റായി കൊടുക്കുന്നുണ്ടു്.

(സി) ഉണ്ടു്.

(ഡി) വിവരം അടങ്ങിയ സ്റ്റേറുമെന്റു് ‡ മേശപ്പുറത്തു വച്ചിട്ടുണ്ടു്.

ശ്രീ. പി. രവീന്ദ്രൻ: ഗ്രന്ഥശാലാ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ വേണ്ടിയുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻവേണ്ടി എസ്.ആർ. രംഗനാഥൻ എന്നൊരാളെ നിയമിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ റിപ്പോർട്ടു പരിശോധിച്ചിട്ടുണ്ടോ; അതിന്റെ അടിസ്ഥാനത്തിൽ ഗ്രന്ഥശാലാ പ്രവർത്തനങ്ങൾ പരിശോധിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. ആർ. ശങ്കർ: റിപ്പോർട്ടു പരിശോധിച്ചുകൊണ്ടിരിക്കുകയാണു്.

ശ്രീ. ഈ. പി. ഗോപാലൻ: ഗ്രാന്റു കൊടുക്കാതിരിക്കുവാനുള്ള കാരണങ്ങളുടെ വിശദവിവരങ്ങൾ അടങ്ങിയ ലിസ്റ്റു മേശപ്പുറത്തു വച്ചിട്ടുണ്ടെന്നു പറഞ്ഞു. സാംഗ്ഷൻ ചെയ്തിട്ടും ഗ്രാന്റു് ഇപ്പോഴും കിട്ടാതെ കിടക്കുന്ന കേസുകൾ എത്രയുണ്ടു്?

ശ്രീ. ആർ. ശങ്കർ; 1962–63–ലെ ഗ്രാന്റു തുകയിൽ മുഴുവൻ തുകയും ആ കൊല്ലംതന്നെ വിതരണംചെയ്യാൻ കഴിഞ്ഞിട്ടില്ല. അതിനു മുഖ്യമായിട്ടുള്ള കാരണം ഇതിനുവേണ്ടി റിപ്പോർട്ടു ചെയ്യാൻ നിയോഗിച്ചിരുന്ന ഗ്രഡേഷൻ കമ്മിറ്റി റിപ്പോർട്ടു മാർച്ചു് മാസത്തിലാണു് സമർപ്പിച്ചിട്ടുള്ളതു എന്നുള്ളതാണു്. വർഷാവസാനം ആകാറായതുകൊണ്ടു് ഏതാനും ദിവസങ്ങൾക്കകം തന്നെ കഴിയുന്നിടത്തോളം ലൈബ്രറികളുടെ റിപ്പോർട്ടു പരിശോധിച്ചു അവയ്ക്കു ഗ്രാന്റു അനുവദിച്ചു് ആർഡേഴ്സും അയച്ചിരുന്നു. 1033 ലൈബ്രറികളെ സംബന്ധിച്ചുള്ള ആർഡേഴ്സാണു് ഒടുവിലത്തേതായി അയച്ചിട്ടുള്ളതു്. അതുവരെയുള്ള കണക്കുകൾപ്രകാരം 633 ഗ്രന്ഥശാലകൾക്കു് ആ മാസാവസാനത്തിനുമുമ്പു് ക്യാഷ് ചെയ്യാൻ സാധിക്കാതെ വരികയും പിന്നീടു് അതു് നീ വാലിഡേറ്റു ചെയ്യേണ്ടി വരികയും ചെയ്തിട്ടുണ്ടു്. ഈ വർഷത്തിൽ ആകെ ശുപാർശ ചെയ്തിട്ടുള്ളതു് 1,258 എണ്ണത്തിനു ആണു്. അതിൽ നാൽപ്പത്തി

† Put by Shri P. Ravindran.

‡ Appendix I

LIBRARY ARCHIVES Kerala Legislative Assembly

നാലെണ്ണത്തിന്റേതു ഈ സപ്ലിമെന്ററിലേ കിട്ടിയിട്ടുള്ളൂ. അതെല്ലാം പരിശോധിച്ചു മുറപ്രകാരം ഗ്രാന്റു കൊടുത്തുള്ള വരികയാണു്. 1964-65 ലേക്കുള്ളതിന്റെ ഫുപാർശ ഗവണ്മെന്ററിന്റെ കയ്യിൽ എത്തിയിട്ടില്ല. ഭാഗീകമായി ഡയറക്ടറുടെ കയ്യിൽ എത്തിയിട്ടുണ്ടെന്നറിയുന്നു. കഴിയുന്നതും വേഗം ഗ്രാന്റു നല്കാൻ വേണ്ട നടപടികളും എടുക്കണമെന്നു നിർദ്ദേശിച്ചിട്ടുണ്ടു്.

ശ്രീ. സി. എ. മാത്യു: 1963-64-ൽ ഇനിയും കൊടുക്കാതിരിക്കുന്ന ഗ്രന്ഥശാലകൾക്കു ഈ വർഷത്തിൽ ഗ്രാന്റു് കൊടുക്കുവാൻ സാധിക്കുമോ?

ശ്രീ. ആർ. ശങ്കർ: ഇതുപോലുള്ള ലൈബ്രറികളെ സംബന്ധിച്ചുള്ള റിപ്പോർട്ടു് ഗ്രന്ഥശാല കമ്മിറ്റി കൊടുത്തു കഴിഞ്ഞുവോ എന്നു നിശ്ചയമില്ല. ജനുവരി മാസത്തിൽതന്നെ എല്ലാ റിപ്പോർട്ടുകളും കൊടുത്തിരിക്കണമെന്നു നിർബന്ധപൂർവ്വം ആവശ്യപ്പെട്ടിട്ടുണ്ടായിരുന്നു. അങ്ങനെ കൊടുത്തിരുന്നുവെങ്കിൽ എല്ലാ ലൈബ്രറികൾക്കും ഗ്രാന്റു് സാമ്പത്തിക വർഷത്തിനുമുമ്പു് കൊടുക്കാമെന്നു് ഉറപ്പിച്ചു പറയുവാൻ കഴിയുമായിരുന്നു. ഇപ്പോഴും പറയുവാൻ നിവൃത്തിയില്ല.

ശ്രീ. എം. നാരായണക്കുറുപ്പു്: ഗ്രന്ഥശാലയ്ക്കു സമയത്തിനു ഗ്രാന്റു കിട്ടാത്തതിനു ഗ്രന്ഥശാലാ സംഘത്തെ കുറ്റപ്പെടുത്തി ഗവണ്മെന്റു് പറയുകയും ഗവണ്മെന്റിനെ കുറ്റപ്പെടുത്തി ഗ്രന്ഥശാലാ സംഘം പറയുകയും ചെയ്യുന്നു. തക്കസമയത്തു ഗ്രാന്റു കിട്ടുന്നില്ല എന്നുള്ള കാര്യം അവശേഷിക്കുകയും ചെയ്യുന്നു. ഇതിനൊരു പരിഹാരം ഉണ്ടാക്കുവാൻ ശ്രീ. രംഗനാഥനെ നിയമിക്കുകയുണ്ടായി. അദ്ദേഹം പരിശോധിച്ചു ഡ്രാഫ്റ്റു ബില്ലിന്റെ കാപ്പി അറ്റാച്ചുചെയ്തു മുന്നു കൊല്ലംമുമ്പു് റിപ്പോർട്ടു സമർപ്പിക്കുകയും ചെയ്തു. അതു ഇന്നും പരിഗണനയിൽ ഇരിക്കുകയാണെന്നു പറഞ്ഞു. അതു മനസ്സിലാക്കുവാൻ പ്രയാസമാണു്. എന്താണു് കാലതാമസം, എന്നത്തേക്കു കഴിയും? കഴിഞ്ഞ അസംബ്ലിയിൽത്തന്നെ ബിൽ കൊണ്ടുവരുമെന്നു പ്രഖ്യാപിച്ചിരുന്നതുമാണു്. അതിനെപ്പറ്റി എന്താണു് പറയാനുള്ളതു്?

ശ്രീ. ആർ. ശങ്കർ: ഇതിനോടു ബന്ധപ്പെട്ട ഇൻഡ്യാ ഗവണ്മെന്റിന്റെ ഒരു മോഡൽ ബിൽ വന്നിട്ടുണ്ടു്. രണ്ടുംകൂടി പരിശോധിച്ചുകൊണ്ടിരിക്കുകയാണു്.

ശ്രീ. ഈ. പി. ഗോപാലൻ: 1963 മാർച്ചിനകം എല്ലാ റിപ്പോർട്ടുകളും കിട്ടിയിട്ടില്ല എങ്കിലും ആയിരത്തിൽ ചിലപ്പോൾ ഗ്രന്ഥശാലകളുടെ റിപ്പോർട്ടു കിട്ടുകയുണ്ടായി. അതിൽത്തന്നെ അറുനൂറോളം ഗ്രന്ഥശാലകൾക്കു് ഗ്രാന്റു് ക്യാഷ് ചെയ്യാൻ കഴിഞ്ഞിട്ടില്ല എന്നാണു് കാണുന്നതു്. അതിനുള്ള കാരണം എന്താണു്; സാംഗ്ഷൻ ചെയ്ത കേസുകൾക്കു് ഗ്രാന്റു് കൊടുക്കാതിരിക്കുവാനുള്ള കാരണം എന്താണു്; അതു പരിശോധിച്ചു ഈ മാതിരി വീഴ്ച തുടരാതിരിക്കുവാൻ ശ്രദ്ധിക്കുമോ?

ശ്രീ. ആർ. ശങ്കർ: ബഹുമാനപ്പെട്ട മെമ്പർ ഞാൻ പറഞ്ഞതിനു വിരുദ്ധമായിട്ടുള്ള കാര്യങ്ങൾകൂടി ഉൾപ്പെടുത്തിയിട്ടുണ്ടു്. 631 ലൈബ്രറികൾക്കു് ആ കൊല്ലം കൊടുക്കുവാൻ കഴിഞ്ഞില്ലെങ്കിലും പിന്നീടു് അതു റീ വാലിഡേറ്റു ചെയ്തു കൊടുത്തിട്ടുണ്ടു്.

പുതിയ സ്കൂളുകൾ

* 660. [5] ശ്രീ. പി. സി. ആദിച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്ത സാമ്പത്തികവർഷം പുതിയ സ്കൂളുകൾ അനുവദിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) കണ്ണൂർ, കൊട്ടാരക്കര, പത്തനാപുരം എന്നീ താലൂക്കുകളിൽ എത്ര സ്കൂളുകൾ അനുവദിക്കുന്നതിനു് അപേക്ഷ കിട്ടിയിട്ടുണ്ടു്;

LIBRARY ARCHIVES Kerala Legislative Assembly

APPENDIX I

[*Please see answer to Starred Question No.* 659 (4)]

The reasons for the delay in disbursement of grant for the year 1962-63 are the following:—

The Gradation Committees constituted for recommending grant for the year 1962-63 had furnished their first part of proposals only during the second and third week of March 1963 even though time limit of furnishing proposals by them was fixed as 31st January 1963 The proposals furnished by them in March 1963 were only in respect of 1033 libraries. Grants to all these libraries were sanctioned by Government within 3 to 4 days from the receipt of proposals and special steps were ordered for the disbursement of grant Yet the grant amount could not be cashed by most of the libraries before 31-3-1963. Hence revalidation sanction became necessary to honour the grant-in-aid of those libraries which could not encash their bills before 31st March 1963 from the provision in the current year's budget. Particulars of these libraries had to be called for and the countersigned grant-in-aid bills had to be obtained back from the libraries to give re-validation sanction. There are 631 such libraries. Revalidation sanction was issued in respect of these 631 libraries in G. O. Rt. No. 167/64/Edn. dated 24-1-1964 and G. O. Rt. No. 507/64/Edn. dated 27-2-1964.

The proposals from the Gradation Committees in respect of 1258 libraries were received only during this financial year. Of these, proposals relating to 46 libraries were received only in the month of November 1963. Sanction was accorded for the payment of grant to all eligible libraries for which proposals were received at Government.

Grant was sanctioned subject to the usual condition that unspent balance if any from the previous year's grant should be adjusted in the amount payable. Hence the countersigning Officers (District Educational Officers) have to verify the utilisation of the grant received by the libraries for previous year before countersigning the grant-in-aid bills. Moreover the Accountant General will issue authorisation only after getting details from the Officers regarding the unspent amount and the net amount payable.

All the above aspects contributed some inevitable delay in disbursement of grant amount for 1962-63. Instructions have been issued separately to take immediate steps for the disbursement of grant amount to treasuries, and it is hoped that all the libraries will get the amount shortly.

2/1770/S

LIBRARY ARCHIVES Kerala Legislative Assembly